150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റ് അലോഷ്യസ് കോളേജ്, എടത്വ - ബി.എസ്. സി. ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) നിർത്തലാക്കികൊണ്ട് ബി. എസ് സി ഇലക്ട്രോണിക്സ് ആൻ ഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) ആരംഭിക്കുന്നതിനായി നൽകിയ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3067/AC A 1/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.04.2024

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ 2350/ACA1/2023/MGU തീയതി 08.05.2021

2. സർക്കാർ ഉത്തരവ് നം.(Ms) 456/2021/HEDN തീയതി:16.10.2021
3. സർവകലാശാല ഉത്തരവ് നം. 5647/ACA1/2023/MGU തീയതി: 21.05.2023
4. സർവകലാശാല കത്ത് നം. 18508/ACA1-3/2020/ACA1 തീയതി: 24.05.2023
5. സർക്കാർ കത്ത് നം. HDN-E1/108/2023-HEDN 24.06.2023
6. സർവകലാശാല ഉത്തരവ് നം. 11267/ACA1/2023/MGU തീയതി: 08.11.2023
7. സർവകലാശാല കത്ത് നം. 18508/ACA1-3/2020/ACA1 തീയതി: 20.11.2023
8. സർക്കാർ കത്ത് നം. E1/108/2023-HEDN തീയതി: 29.12.2023
9. 19.03.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 46/24.02/18508/ACA1-3/2020.

**ഉത്തരവ്**

എടത്വ, സെന്റ് അലോഷ്യസ് കോളേജിൽ നടത്തപ്പെടുന്ന ബി. എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) 2021-2022 അധ്യയന വർഷം മുതൽ നിർത്തലാക്കികൊണ്ട് ബി.എസ്സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) ആരംഭിക്കുന്നതിനായി കോളേജ് ഡി.ഡി.ഒ. നിശ്ചിത ഫീസടച്ച് അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പ്രസ്തുത കോളേജിലെ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം പരിശോധനാസമിതിയെ നിയമിച്ചു.

പരിശോധന സമിതി കോളേജ് സന്ദർശിക്കുകയും ബി.എസ് സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം (സ്വാശ്രയം) ആരംഭിക്കുന്നതിനാവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയും 2021-2022 അദ്ധ്യയനവർഷം മുതൽ ബി. എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം (സ്വാശ്രയം) നിർത്തലാക്കിക്കൊണ്ട് 2021-2022 അദ്ധ്യയനവർഷം മുതൽ ബി.എസ് സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം (സ്വാശ്രയം) ആരംഭിയ്ക്കുന്നതിനും പ്രസ്തുത സ്വാശ്രയ കോഴ്സിന്റെ അഫിലിയേഷൻ 2021-2022 അദ്ധ്യയന വർഷത്തേയ്ക്ക് നീട്ടി നൽകുന്നതിനും ശുപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും പരിശോധനാ സമിതിയുടെ പ്രസ്തുത റിപ്പോർട്ട് സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

വിദ്യാർത്ഥികളുടെ അഭാവം മൂലം നിലവിലുള്ള അദ്ധ്യാപകരുടെ നിലനിൽപ്പ് അപകടത്തിലാകുന്ന

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം
Draft #17 of File 18508/AC A1-3/2020/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 05-Apr-2024 11:20 AM - Page 1

സാഹചര്യം പരിഗണിച്ചും പ്രസ്തുത വിഷയത്തിൽ അടിയന്തര തീരുമാനം കൈകൊള്ളണമെന്ന് പ്രിൻസിപ്പൽ ഇൻ ചാർജ് അപേക്ഷിച്ചിരുന്നു. അപേക്ഷ സിൻഡിക്കേറ്റ് പരിഗണിക്കുകയും, എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ പ്രോഗ്രാമുകൾ പുതുതായി അനുവദിക്കാത്ത സാഹചര്യത്തിൽ, വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം തേടുന്നതിന് തീരുമാനിച്ച് പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയും അപ്രകാരം സർക്കാരിന്റെ അഭിപ്രായം തേടി പരാമർശം (4) കത്ത് അയയ്ക്കുകയും ചെയ്തിരുന്നു.

സർക്കാർ പരാമർശം (8) കത്ത് പ്രകാരം,"എടത്വാ, സെന്റ്. അലോഷ്യസ് കോളേജിൽ നടത്തപ്പെടുന്ന ബി. എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം (സ്വാശ്രയം-30 സീറ്റ്) നിർത്തലാക്കി പകരം ബി.എസ്സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം ആരംഭിക്കുന്നതിനു G.O.(Ms) No. 456/2021/HEDN തീയതി :16.10.2021ന്റെ വെളിച്ചത്തിൽ അനുമതി നിൽക്കാനാവില്ല " എന്ന് അറിയിച്ചു.

പ്രസ്തുത സർക്കാർ കത്തിന്റെ വെളിച്ചത്തിൽ വിഷയം പരിഗണിച്ച 19.03.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (9) പ്രകാരം , എടത്വാ, സെന്റ്. അലോഷ്യസ് കോളേജിൽ സ്വാശ്രയ മേഖലയിൽ 30 സീറ്റോടുകൂടി നടത്തപ്പെടുന്ന ബി. എസ് സി ഫിസിക്സ് മോഡൽ III ഇലക്ട്രോണിക്സ് എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം 2021-2022 അദ്ധ്യയന വർഷം മുതൽ നിർത്തലാക്കികൊണ്ട് പകരം ബി.എസ്സി ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ III പ്രോഗ്രാം(30 സീറ്റ് ) ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡി.ഡി.ഒ ,സെന്റ്. അലോഷ്യസ് കോളേജ് എടത്വാ
2. വൈസ്- ചാൻസലർ/പ്രോ- വൈസ് -ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്/ പരീക്ഷാ വിഭാഗം)
5. ഐ.ക്യു.എ.സി./യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6. എസി.എ 1/എ സി ബി6/എ.സി.സി 1/എ.സി.സി 2/ എ.റ്റി.ആർ
7. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #17 of File 18508/AC A1-3/2020/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 05-Apr-2024 11:20 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം